IslamHouse.com

Osoul Center
www.osoulcenter.com

Malayalam
മലയാളം
مليالم

# ഏകാരാധ്യനിലേക്കുള്ള മടക്കം അനിവാര്യമാകുന്നതിന്റെ തെളിവുകൾ


രചന
അബ്ദുല്ലാഹിബ്നു അബ്ദു റഹ്മാൻ സഅദ്

വിവർത്തനം
ഇസ്‌ലാമിക പ്രബോധന കേന്ദ്രം, റബ്‌വ
റിയാദ്, സഊദി അറേബ്യ

# البرهان
# في وجوب اللجوء إلى الواحد الديان


تأليف

عبد الله بن عبد الرحمن السعد

ترجمة

الداعية مدلاج صلاحي

مراجعة

عبدالرشيد مديني


Malayalam

മലയാളം

مليالم

ⓒ **المكتب التعاوني للدعوة والإرشاد و توعية الجاليات بالربوة، ١٤٣٩هـ**

**فهرسة مكتبة الملك فهد الوطنية أثناء النشر**

السعد، عبدالله عبدالرحن

البرهان في وحوب الاجوء إلى الواحد الديان – الماليباري. / عبدالله عبدالرحن السعد. - الرياض، ١٤٣٩هـ

٦٤ ص، ١٢سم x ١٦,٥سم

**ردمك : ٦-٣١-٨٢٢٩-٦٠٣-٩٧٨**

١- الإيمان (الاسلام)    ٣- الوعظ والارشاد    أ. العنوان

ديوي ٢٤٠    ١٤٣٩/٣٠٩٠

رقم الايداع: ١٤٣٩/٣٠٩٠

**ردمك : ٦-٣١-٨٢٢٩-٦٠٣-٩٧٨**



مركز أصول
Osoul Center
www.osoulcenter.com

This book has been conceived, prepared and designed by the Usool International Centre. All photos used in the book belong to the Usool Centre. The Centre hereby permits all Sunni Muslims to reprint and publish the book in any method and format on condition that 1) acknowledgement of the Usool Centre is clearly stated on all editions; and 2) no alteration or amendment of the text is introduced without reference to the Usool Centre. In the case of reprinting this book, the Centre strongly recommends maintaining high quality.



+966 504 442 532

+966 11 445 4900

+966 11 497 0126

P.O.BOX 29465 Riyadh 11457

osoul@rabwah.com

www.osoulcenter.com

بسم الله الرحمن الرحيم

إن الحمد لله نحمده، ونستعينه، ونعوذ بالله من شرور أنفسنا وسيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبده ورسوله صلى الله عليه وعلى آله وصحبه وسلم تسليمًا كثيرًا، أما بعد.

ജനങ്ങൾക്കിടയിൽ വ്യാപകമായ ഒരു കാര്യമാണ് അല്ലാഹു അല്ലാത്തവരോട് അവർ അശക്തരായ കാര്യത്തിൽ ആവശ്യ പൂർത്തീകരണത്തിനും പ്രയാസങ്ങൾ നീക്കാനും വിഷമങ്ങളിലെ സഹായത്തിനും രോഗങ്ങൾ മാറാനും സന്താന ലബ്ധിക്കും ഇത്യാദി കാര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നത്. ഇസ്‌ലാമിൽ നിഷിദ്ധവും ജാഹിലിയ്യത്തിലെ രീതിയും അല്ലാഹുവിൽ പങ്ക് ചേർക്കലുമാണിതെന്ന വിഷയത്തിൽ യാതൊരു സംശയവുമില്ല.

ഇതിന്റെ നിരർത്ഥകത തെളിയിക്കുന്ന പത്ത് തെളിവുകൾ കാണാം:

**1**

**ഒന്ന്;** അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് അവൻ വിലക്കി, തന്റെ പ്രവാചകനോട് അവൻ പറഞ്ഞു :

﴿ وَلَا تَدْعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ ٱلظَّٰلِمِينَ ﴾

[يونس: ١٠٦]

'അല്ലാഹുവിന് പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായതിനെ നീ വിളി(ച്ചു പ്രാർത്ഥി)ക്കരുത്. ഇനി, നീ (അങ്ങനെ) ചെയ്തുവെങ്കിൽ, അപ്പോൾ നിശ്ചയമായും നീ, അക്രമികളിൽ പെട്ടവനായിരിക്കും '(10:106)

വീണ്ടും അവൻ പറയുന്നു :

﴿ وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَٰمَةِ وَهُمْ عَن دُعَآئِهِمْ غَٰفِلُونَ ۝٥ وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟ بِعِبَادَتِهِمْ كَٰفِرِينَ ﴾

[الأحقاف: ٥، ٦]

'ഖിയാമത്തുനാൾവരേക്കും ഉത്തരം നൽകാത്തവരെ, അല്ലാഹുവിനു പുറമെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരെക്കാൾ വഴി പിഴച്ചവർ ആരാണ്?! അവരാകട്ടെ, ഇവരുടെ (വിളിക്കുന്നവരുടെ) വിളിയെപ്പറ്റി അശ്രദ്ധരുമാകുന്നു. * (മാത്രമല്ല) മനുഷ്യർ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ, ഇവർക്ക് അവർ ശത്രുക്കളായിരി

കയും ചെയ്യും; അവർ, ഇവരുടെ ആരാധനയെ (ത്തന്നെ) നിഷേധിക്കുന്നവരുമായിരിക്കും.' (46:5,6)

വീണ്ടും പറഞ്ഞു:

﴿ وَأَنَّ ٱلْمَسَـٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ﴾ [الجن: ١٨]

'പള്ളികൾ അല്ലാഹുവിനുള്ളതാണ്. ആകയാൽ അല്ലാഹുവിനോടുകൂടി നിങ്ങൾ ഒരാളെയും വിളി (ച്ചു പ്രാർത്ഥി)ക്കരുത് (സൂ.ജിന്ന് 18) ഈ ആശയ ത്തിലുള്ള ധാരാളം ആയത്തുകൾ ഉണ്ട്.

## 2

**രണ്ട്** : അവനോട് മാത്രം പ്രാർത്ഥിക്കണം എന്ന് അല്ലാഹു കൽപിച്ചു , അവൻ പറഞ്ഞു:

﴿ وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴾ [غافر: ٦٠]

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച. '(40:60)

വീണ്ടും പറഞ്ഞു:

﴿ وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴾ [البقرة: ١٨٦]

'(നബിയേ) എന്റെ അടിയാൻമാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു(എന്നു പറയുക). എന്നെ വിളി(ച്ചു പ്രാർത്ഥി)ച്ചാൽ ഞാൻ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവന്റെ വിളിക്ക് ഉത്തരം നൽകുന്നതാണ്. എന്നാൽ, അവർ എനിക്ക് (എന്റെ വിളിക്ക്) ഉത്തരം ചെയ്യുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്തു കൊള്ളട്ടെ; അവർ നേർവഴി പ്രാപിച്ചേക്കുന്നതാണ്.' (2:186)

വീണ്ടും പറഞ്ഞു :

﴿أَمَّن يُجِيبُ ٱلۡمُضۡطَرَّ إِذَا دَعَاهُ وَيَكۡشِفُ ٱلسُّوٓءَ وَيَجۡعَلُكُمۡ خُلَفَآءَ ٱلۡأَرۡضِۗ أَءِلَٰهٞ مَّعَ ٱللَّهِۚ قَلِيلٗا مَّا تَذَكَّرُونَ﴾ [النمل:٦٢]

‘അല്ലെങ്കിൽ, കഷ്ടപ്പെട്ടവൻ വിളി(ച്ചു പ്രാർത്ഥി)ച്ചാൽ അവന്ന് ഉത്തരം നൽകുകയും, തിന്മയെ (നീക്കി) തുറവിയാക്കുകയും, നിങ്ങളെ ഭൂമിയിലെ പ്രതിനിധി കളാക്കുകയും ചെയ്തുവരുന്നവനോ (ആരാണു ത്തമം)?! അല്ലാഹുവിനോടുകൂടി (വേറെ)വല്ല ആരാ ധ്യനും ഉണ്ടോ?! (ഓർത്തുനോക്കൂ) വളരെ കുറച്ചേ നിങ്ങൾ ആലോചിച്ചു നോക്കുന്നുള്ളൂ ‘ (27:62) അഥ വാ, അല്ലാഹുവിനു പുറമെ ഇതിനു സാധിക്കുന്ന വല്ലവരും ഉണ്ടോ? മറുപടി; ‘ഇല്ല, അവൻ ഈ കാര്യ ത്തിൽ ഏകനാണ്’.

വീണ്ടും പറഞ്ഞു:

﴿قُلۡ أَمَرَ رَبِّي بِٱلۡقِسۡطِۖ وَأَقِيمُواْ وُجُوهَكُمۡ عِندَ كُلِّ مَسۡجِدٖ وَٱدۡعُوهُ مُخۡلِصِينَ لَهُ ٱلدِّينَۚ كَمَا بَدَأَكُمۡ تَعُودُونَ﴾ [الأعراف: ٢٩]

‘പറയുക: എന്റെ റബ്ബ് നീതി മുറക്ക് (അത് പാലി ക്കുവാൻ) കൽപിച്ചിരിക്കുന്നു. എല്ലാ നമസ്കാര സ്ഥാനത്തികലും നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ നേരെ നിറുത്തുവിൻ എന്നും; മതം (അഥവാ കീഴ്വ ണക്കം) അവനു നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ എന്നും (കല്പിച്ചിരിക്കുന്നു). നിങ്ങളെ അവൻ ആദ്യമാ(യി ഉണ്ടാ)ക്കിയതു പോലെത്തന്നെ, നിങ്ങൾ മടങ്ങു ന്നതാണ് (7:29)

വീണ്ടും പറഞ്ഞു:

﴿ هُوَ ٱلۡحَيُّ لَآ إِلَٰهَ إِلَّا هُوَ فَٱدۡعُوهُ مُخۡلِصِينَ لَهُ ٱلدِّينَۗ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴾ [غافر: ٦٥]

'അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർത്ഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്ന് സ്തുതി.' (40:65)

വീണ്ടും പറഞ്ഞു:

﴿ ٱدۡعُواْ رَبَّكُمۡ تَضَرُّعٗا وَخُفۡيَةًۚ إِنَّهُۥ لَا يُحِبُّ ٱلۡمُعۡتَدِينَ ٥٥ وَلَا تُفۡسِدُواْ فِي ٱلۡأَرۡضِ بَعۡدَ إِصۡلَٰحِهَا وَٱدۡعُوهُ خَوۡفٗا وَطَمَعًاۚ إِنَّ رَحۡمَتَ ٱللَّهِ قَرِيبٞ مِّنَ ٱلۡمُحۡسِنِينَ ﴾ [الأعراف: ٥٥-٥٦]

'(മനുഷ്യരേ) നിങ്ങളുടെ റബ്ബിനെ താഴ്മ കാണിച്ചുകൊണ്ടും, സ്വകാര്യമായിക്കൊണ്ടും നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുവിൻ. നിശ്ചയമായും, അവൻ അതിരു വിടുന്നവരെ ഇഷ്ടപ്പെടുകയില്ല. * ഭൂമിയെ നന്നാക്കിയതിനു ശേഷം നിങ്ങൾ അതിൽ നാശമുണ്ടാക്കുകയും ചെയ്യരുത്. ഭയപ്പെട്ടുകൊണ്ടും മോഹിച്ചു കൊണ്ടും അവനെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹുവിൻറെ കാരുണ്യം സുകൃതവാന്മാരോട് അടുത്തതാകുന്നു.' (7:55‒56)

ഇമാം അഹ്മദ് (2669) തുർമുദീ (2685)എന്നിവർ ഖൈസ് ഇബ്നുൽ ഹജ്ജാജിൽ നിന്നും അദ്ദേഹം ഹനഷ് അസ്സൻആഈയിൽ നിന്നും ഉദ്ധരിക്കുന്നു, അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ൽ നിന്നും, അദ്ദേഹം പറയുന്നു; ഒരു ദിവസം അദ്ദേഹം നബി(സ) യോടൊപ്പം വാഹനത്തിലേറി, അപ്പോൾ നബി(സ) അദ്ദേഹത്തോട് പറഞ്ഞു:

«يَا غُلامُ! إنِّي مُعَلِّمُكَ كَلِمَاتٍ: احْفَظِ اللهَ يَحْفَظْكَ، احْفَظِ اللهَ تَجِدْهُ تُجَاهَكَ، وَإِذَا سَأَلْتَ فَاسْأَلِ اللهَ، وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ، وَاعْلَمْ أَنَّ الأُمَّةَ لَوِ اجْتَمَعُوا عَلَى أَنْ يَنْفَعُوكَ، لَمْ يَنْفَعُوكَ إِلا بِشَيْءٍ قَدْ كَتَبَهُ اللهُ لَكَ، وَلَوِ اجْتَمَعُوا عَلَى أَنْ يَضُرُّوكَ، لَمْ يَضُرُّوكَ إِلا بِشَيْءٍ قَدْ كَتَبَهُ اللهُ عَلَيْكَ، رُفِعَتِ الأَقْلامُ، وَجَفَّتِ الصُّحُفُ».

'മോനേ, ഞാൻ നിനക്കു ചില വചനങ്ങൾ പഠിപ്പിച്ചു തരാം; നീ അല്ലാഹുവിനെ സൂക്ഷിക്കുക, എങ്കിൽ അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക, എങ്കിൽ നിന്റെ മുമ്പിൽ നിനക്കവനെ കാണാം. നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവോട് ചോദിക്കുക. നീ സഹായം തേടിയാൽ അല്ലാഹുവോട് സഹായം തേടുക. അറിയുക, നിനക്കൊരു ഉപകാരം ചെയ്യുന്നതിനായി സമൂഹം മുഴുവൻ ഒന്നിച്ചാലും അല്ലാഹു നിനക്ക് രേഖപ്പെടുത്തിയതല്ലാതെ ഒരു ഉപകാരവും ചെയ്യാൻ അവരെക്കൊണ്ടാവുകയില്ല. നിനക്കൊരു ദ്രോഹം ചെയ്യുവാ

നായി അവർ ഒന്നിച്ചാലും അല്ലാഹു നിനക്ക് രേഖപ്പെടുത്തിയതല്ലാതെ ഒരുപദ്രവവും ചെയ്യുവാൻ അവരെക്കൊണ്ടാവുകയില്ല. പേനകൾ ഉയർത്തപ്പെട്ടു. ഏടുകൾ ഉണങ്ങിക്കഴിഞ്ഞു.'

ഇതിന്റെ പരമ്പര നല്ലതാണ്, ഇതിനെ കുറിച്ച് ഇമാം തുർമുദി ഹസൻ (നല്ലത്) സ്വഹീഹ് (സ്വീകാര്യം) എന്ന് പ്രസ്താവിച്ചിട്ടുണ്ട്.

## 3

**മൂന്ന്:** അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്ന വൻ കുഫ്റിലും ശിർക്കിലും ആപതിക്കുമെന്ന് അല്ലാഹു അവന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്:

﴿ وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ﴾ [المؤمنون: ١١٧]

‘ആരെങ്കിലും അല്ലാഹുവിനോടൊപ്പം വേറെ ഒരു ആരാധ്യനെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതായാൽ അവന്ന് അതിന്ന് യാതൊരു രേഖയുമില്ല അവന്റെ വിചാരണ അവന്റെ റബ്ബിന്റെ അടുക്കൽവെച്ചു തന്നെയായിരിക്കും. നിശ്ചയമായും കാര്യം: അവിശ്വാസികൾ വിജയിക്കുകയില്ല‘ (23:117) ആയത്തിൽ പ്രതിപാദിച്ചത് പോലെ തന്നെ ആരെങ്കിലും അപ്രകാരം പ്രവർത്തിച്ചാൽ അവൻ സത്യ നിഷേധികളിൽ പെട്ടവനാണ്. വീണ്ടും പറഞ്ഞു:

﴿ وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَٰمَةِ وَهُمْ عَن دُعَآئِهِمْ غَٰفِلُونَ ۝٥ وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟ بِعِبَادَتِهِمْ كَٰفِرِينَ ﴾

[الأحقاف: ٥، ٦]

‘ഖിയാമത്തുനാൾവരേക്കും ഉത്തരം നൽകാത്തവരെ, അല്ലാഹുവിനു പുറമെ വിളി(ച്ചു പ്രാർത്ഥി)ക്കു

ന്നവരെക്കാൾ വഴി പിഴച്ചവർ ആരാണ്?! അവരാകട്ടെ, ഇവരുടെ (വിളിക്കുന്നവരുടെ) വിളിയെപ്പറ്റി അശ്രദ്ധരുമാകുന്നു. * (മാത്രമല്ല) മനുഷ്യർ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ, ഇവർക്ക് അവർ ശത്രുക്കളായിരിക്കയും ചെയ്യും; അവർ, ഇവരുടെ ആരാധനയെ (തന്നെ) നിഷേധിക്കുന്നവരുമായിരിക്കും.' (46:5,6)

ഇപ്രകാരം പ്രവർത്തിച്ചവനേക്കാൾ വഴിപിഴച്ചവൻ മറ്റാരുമില്ലെന്നു അല്ലാഹു വ്യക്തമാക്കുന്നു, അത് അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയാണ്.

വീണ്ടും അവന്റെ വാക്കുകൾ:

﴿قُلۡ إِنَّمَآ أَدۡعُواْ رَبِّي وَلَآ أُشۡرِكُ بِهِۦٓ أَحَدٗا﴾ [الجن:٢٠]

'(നബിയേ) പറയുക: 'നിശ്ചയമായും ഞാൻ എന്റെ റബ്ബിനെ മാത്രമേ വിളി(ച്ചു പ്രാർത്ഥി)ക്കുന്നുള്ളൂ; അവനോട് ഞാൻ ഒരാളെയും പങ്കുചേർക്കുന്നതു മല്ല' (ജിന്ന്20) അഥവാ അവന്റെ സൃഷ്ടികളോട് പ്രാർത്ഥിച്ചു കൊണ്ട് അവനിൽ ഞാൻ പങ്ക് ചേർക്കില്ല

## 4

**നാല്** : സൃഷ്ടികൾ അല്ലാഹുവിങ്കൽ എത്ര ഉന്നതരായിരുന്നാലും അല്ലാഹു കഴിവ് നല്കിയതല്ലാതെ അവർക്ക് കഴിയുകയില്ല അവർ അല്ലാഹുവിലേക്ക് ആവശ്യക്കാരാണ് , അവർ അവരെ പോലുള്ള മനുഷ്യർ മാത്രമാണ്, മനുഷ്യർക്ക് ബാധിക്കുന്നതെല്ലാം അവർക്കും ബാധിക്കും അവർ ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും രോഗ ബാധിതരാവുകയും മരണപ്പെടുകയുമൊക്കെ ചെയ്യുന്നു, അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ﴾ [فاطر: ١٥]

'ഹേ,മനുഷ്യരേ, അല്ലാഹുവിങ്കലേക്ക് ആശ്രയമുള്ളവരത്രെ നിങ്ങൾ. അല്ലാഹുവാകട്ടെ, അവൻ(അന്യാശ്രയമില്ലാത്ത) ധന്യനാണ്; സ്തുത്യർഹനാണ്" (35:15)

അല്ലാഹു മൂസാ (അ)നെ തൊട്ട് പറയുന്നു:

﴿فَقَالَ رَبِّ إِنِّى لِمَآ أَنزَلْتَ إِلَىَّ مِنْ خَيْرٍ فَقِيرٌ﴾ [القصص: ٢٤]

''എന്റെ രക്ഷിതാവേ! എന്റെ നേരെ ഗുണമായിട്ടുള്ള വല്ലതും നീ ഇറക്കിത്തരുന്നതിന് നിശ്ചയമായും ഞാൻ ആവശ്യക്കാരനാണേ!' (28:24)

ഇബ്രാഹീം (അ) ന്റെ വാക്കുകളായി അവൻ പറയുന്നു:

﴿وَإِذَا مَرِضۡتُ فَهُوَ يَشۡفِينِ﴾ [الشعراء: ٨٠]

'എനിക്ക് രോഗം ബാധിച്ചാൽ, എന്നെ അവൻ സുഖപ്പെടുത്തുകയും ചെയ്യുന്നു' (26:80)

ഈസാ നബി(അ) നെയും അവിടുത്തെ മാതാവിനെയും കുറിച്ച് അവർ ഭക്ഷണം കഴിക്കുന്നവരാണെന്ന് വിവരിക്കുന്നു:

﴿مَّا ٱلۡمَسِيحُ ٱبۡنُ مَرۡيَمَ إِلَّا رَسُولٞ قَدۡ خَلَتۡ مِن قَبۡلِهِ ٱلرُّسُلُ وَأُمُّهُۥ صِدِّيقَةٞۖ كَانَا يَأۡكُلَانِ ٱلطَّعَامَۗ ٱنظُرۡ كَيۡفَ نُبَيِّنُ لَهُمُ ٱلۡأٓيَٰتِ ثُمَّ ٱنظُرۡ أَنَّىٰ يُؤۡفَكُونَ﴾ [المائدة: ٧٥]

'മർയമിന്റെ മകൻ മസീഹ് ഒരു റസൂൽ (ദൈവദൂതൻ) അല്ലാതെ (മറ്റൊന്നും) അല്ല. അദ്ദേഹത്തിനു മുമ്പ് റസൂലുകൾ (പലരും) കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉമ്മയാകട്ടെ, ഒരു സത്യസന്ധ(യായ സ്ത്രീ)യുമാകുന്നു. രണ്ടു പേരും ഭക്ഷണം കഴിക്കുമായിരുന്നു. നോക്കുക: ദൃഷ്ടാന്തങ്ങളെ അവർക്ക് നാം എപ്രകാരം വിവരിച്ചു കൊടുക്കുന്നുവെന്ന്! (എന്നിട്ട്) പിന്നെ നോക്കുക; അവർ (സത്യത്തിൽ നിന്ന്) എങ്ങിനെ തെറ്റിക്കപ്പെടുന്നുവെന്ന്!' (5:75)

വീണ്ടും പറയുന്നു:

﴿قُلۡ فَمَن يَمۡلِكُ مِنَ ٱللَّهِ شَيۡـًٔا إِنۡ أَرَادَ أَن يُهۡلِكَ ٱلۡمَسِيحَ ٱبۡنَ مَرۡيَمَ وَأُمَّهُۥ وَمَن فِي ٱلۡأَرۡضِ جَمِيعٗا﴾ [المائدة: ١٧]

പറയുക എന്നാൽ, അല്ലാഹുവിങ്കൽ നിന്ന് വല്ല കാര്യത്തെയും ആരാണ് സ്വാധീനമാ(ക്കി തടു)ക്കുക? മർയമിന്റെ മകൻ 'മസീഹി' നെയും, അദ്ദേഹത്തിന്റെ ഉമ്മയെയും, ഭൂമിയിലുള്ളവരെ മുഴുവനും നശിപ്പിക്കുവാൻ അവൻ ഉദ്ദേശിച്ചുവെങ്കിൽ! '(5:17)

വീണ്ടും പറയുന്നു:

﴿وَمَآ أَرۡسَلۡنَا قَبۡلَكَ مِنَ ٱلۡمُرۡسَلِينَ إِلَّآ إِنَّهُمۡ لَيَأۡكُلُونَ ٱلطَّعَامَ وَيَمۡشُونَ فِي ٱلۡأَسۡوَاقِۗ﴾ [الفرقان: ٢٠]

'(നബിയേ) നിനക്കു മുമ്പ് 'മുർസലു'കളിൽ (ദൈവദൂതൻമാരിൽ) ഭക്ഷണം കഴിക്കുകയും, അങ്ങാടികളിൽ സഞ്ചരിക്കുകയും ചെയ്യാറുള്ള നിലയിൽ തന്നെയല്ലാതെ (ആരെയും) നാം അയക്കുകയുണ്ടായിട്ടില്ല' (25:20)

മുഹമ്മദ് നബി(സ)യോട് പറയുന്നു:

﴿إِنَّكَ مَيِّتٞ وَإِنَّهُم مَّيِّتُونَ﴾ [الزمر: ٣٠]

'തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു' (39:3)

വീണ്ടും പറഞ്ഞു:

﴿وَلَا تَقُولَنَّ لِشَاْيۡءٍ إِنِّي فَاعِلٞ ذَٰلِكَ غَدًا ٢٣ إِلَّآ أَن يَشَآءَ ٱللَّهُۚ وَٱذۡكُر رَّبَّكَ إِذَا نَسِيتَ وَقُلۡ عَسَىٰٓ أَن يَهۡدِيَنِ رَبِّي لِأَقۡرَبَ مِنۡ هَٰذَا رَشَدٗا﴾ [الكهف: ٢٣]

'ഒരു കാര്യത്തെക്കുറിച്ചും, ഞാനതു നാളെ ചെയ്യുന്നതാണെന്നു നിശ്ചയമായും നീ പറഞ്ഞു പോക

രുത്; *'അല്ലാഹു ഉദ്ദേശിക്കുന്നതായാൽ' (എന്നു ചേർത്തുകൊണ്ടു) അല്ലാതെ നീ (അതു) മറന്നു പോകുന്ന പക്ഷം, നീ നിന്റെ രക്ഷിതാവിനെ ഓർത്തു കൊള്ളുക; 'ഇതിനെക്കാൾ അടുത്ത (സൗകര്യപ്രദമായ) നേർമാർഗ്ഗത്തിലേക്ക് എന്റെ റബ്ബ് എന്നെ നയിച്ചേക്കാം'എന്നു പറയുകയും ചെയ്യുക.'(18:23-24)

വീണ്ടും പറഞ്ഞു:

﴿قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا﴾ [الكهف: ١١٠]

'(നബിയേ) പറയുക: 'നിശ്ചയമായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു; നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഒരേ ഒരു ഇലാഹാണെന്നു എനിക്കു വഹ്‌യ്(ഉൽബോധനം) നൽകപ്പെടുന്നു. (ഇതാണു എന്റെ പ്രത്യേകത). അതിനാൽ, ആരെങ്കിലും തന്റെ റബ്ബുമായി കാണുവാൻ ആശിക്കുന്നുവെങ്കിൽ, അവൻ സൽക്കർമ്മം പ്രവർത്തിച്ചുകൊള്ളട്ടെ; തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളേയും (അവനോടു) പങ്കുചേർക്കാതെയുമിരിക്കട്ടെ.' (18:110)

എന്നാൽ ചില പ്രവാചകന്മാരെ അവരുടെ സമൂഹം വധിച്ചു കളഞ്ഞു എന്ന് കൂടി അല്ലാഹു പറയുന്നു:

﴿أَفَكُلَّمَا جَآءَكُمْ رَسُولٌۢ بِمَا لَا تَهْوَىٰٓ أَنفُسُكُمُ ٱسْتَكْبَرْتُمْ فَفَرِيقًا كَذَّبْتُمْ وَفَرِيقًا تَقْتُلُونَ﴾ [البقرة: ٨٧]

‘എന്നിരിക്കെ നിങ്ങളുടെ ദേഹങ്ങൾ (അഥവാ മനസ്സുകൾ) ഇഷ്ടപ്പെടാത്തതുമായി നിങ്ങൾക്ക് വല്ല റസൂലും വരുമ്പോഴൊക്കെയും നിങ്ങൾ അഹംഭാവം നടിക്കുകയാണോ?! അങ്ങനെ, ഒരു കൂട്ടരെ നിങ്ങൾ വ്യാജമാക്കി; ഒരു കൂട്ടരെ നിങ്ങൾ കൊലപ്പെടുത്തുകയും ചെയ്യുന്നു‘ (2:87)

അപ്പോൾ സൃഷ്ടികളിൽ നിന്നും വ്യതിരിക്തനായി ഏകനായ എല്ലാ കാര്യത്തിനും കഴിവുള്ളവനായ അല്ലാഹുവോട് മാത്രമാണ് പ്രാർത്ഥിക്കേണ്ടതെന്ന കാര്യത്തിൽ നമ്മൾ എത്തിച്ചേർന്നിരിക്കുന്നു. അവൻ പറഞ്ഞു:

﴿ إِنَّ ٱلَّذِينَ تَدۡعُونَ مِن دُونِ ٱللَّهِ عِبَادٌ أَمۡثَالُكُمۡۖ فَٱدۡعُوهُمۡ فَلۡيَسۡتَجِيبُواْ لَكُمۡ إِن كُنتُمۡ صَٰدِقِينَ ﴾ [الأعراف: ١٩٤]

‘നിശ്ചയമായും, അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവർ നിങ്ങളെപ്പോലെയുള്ള അടിയാൻമാരാകുന്നു, (എല്ലാവരും അവന്റെ അടിമകൾ തന്നെ) എന്നാൽ അവരെ വിളി(ച്ചു പ്രാർത്ഥി)ക്കുക എന്നിട്ട് അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ ! (എന്നാലതൊന്നു കാണാമല്ലോ)‘ (7:194)

വീണ്ടും അവൻ പറഞ്ഞു:

﴿يَٰٓأَيُّهَا ٱلنَّاسُ ضُرِبَ مَثَلٌ فَٱسۡتَمِعُواْ لَهُۥٓۚ إِنَّ ٱلَّذِينَ تَدۡعُونَ مِن دُونِ

ٱللَّهِ لَن يَخۡلُقُواْ ذُبَابٗا وَلَوِ ٱجۡتَمَعُواْ لَهُۥۖ وَإِن يَسۡلُبۡهُمُ ٱلذُّبَابُ شَيۡـٔٗا لَّا يَسۡتَنقِذُوهُ مِنۡهُۚ ضَعُفَ ٱلطَّالِبُ وَٱلۡمَطۡلُوبُ ﴾ [الحج: ٧٣]

'മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ.' (22:73)

വീണ്ടും അവൻ പറഞ്ഞു:

﴿ وَٱلَّذِينَ يَقُولُونَ رَبَّنَا ٱصۡرِفۡ عَنَّا عَذَابَ جَهَنَّمَۖ إِنَّ عَذَابَهَا كَانَ غَرَامًا ﴾

[الفرقان: ٦٥]

'(ഇപ്രകാരം) പറയാറുള്ളവരുമാണ്: 'ഞങ്ങളുടെ റബ്ബേ?, നരകശിക്ഷ ഞങ്ങളിൽ നിന്ന് ഒഴിവാക്കിത്തരേണമേ! നിശ്ചയമായും അതിന്റെ ശിക്ഷ ഒരു തീരാനഷ്ടമാകുന്നു'(25:65)

5

**അഞ്ച്:** മഹാരഥന്മാരായ പ്രവാചകരും സ്വാലിഹീങ്ങളും അത് പോലെ മലക്കുകളും അവരുടെ എല്ലാ കാര്യങ്ങളിലും എല്ലാ അവസ്ഥകളിലും അല്ലാഹുവോട് മാത്രമേ പ്രാർത്ഥിച്ചിരുന്നുള്ളൂ എന്ന് അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു, അവരെ പിന്തുടരലും പിൻപറ്റലും അനിവാര്യമാണ്.

മത്സ്യത്തിന്റെ വയറ്റിൽ നിന്ന് യൂനുസ് (അ) പറഞ്ഞതായി അല്ലാഹു പറയുന്നു:

﴿ وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقۡدِرَ عَلَيۡهِ فَنَادَىٰ فِي ٱلظُّلُمَٰتِ أَن لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ ﴾ [الأنبياء: ٨٧، ٨٨]

'ദുന്നൂനി'നെയും (ഓർക്കുക); അതായത്: അദ്ദേഹം കോപിഷ്ടനായും കൊണ്ട് പോയ സന്ദർഭം; അപ്പോൾ, നാം അദ്ദേഹത്തിന്റെ മേൽ നിശ്ചയമായും കുടുസ്സാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അങ്ങനെ, അന്ധകാരങ്ങളിൽ വെച്ച് അദ്ദേഹം വിളിച്ചു (പ്രാർത്ഥിച്ചു): (റബ്ബേ!) നീയല്ലാതെ ആരാധ്യനേ ഇല്ല; നീയെത്രയോ പരിശുദ്ധൻ! 'നിശ്ചയമായും, ഞാൻ അക്രമികളിൽപെട്ടവനായിരിക്കുന്നു! എന്ന്" (21:87,88)

വീണ്ടും അവൻ പറയുന്നു:

﴿ وَزَكَرِيَّآ إِذۡ نَادَىٰ رَبَّهُۥ رَبِّ لَا تَذَرۡنِي فَرۡدًا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ﴿٨٩﴾

﴿فَٱسۡتَجَبۡنَا لَهُۥ وَوَهَبۡنَا لَهُۥ يَحۡيَىٰ وَأَصۡلَحۡنَا لَهُۥ زَوۡجَهُۥٓۚ إِنَّهُمۡ كَانُواْ يُسَٰرِعُونَ فِي ٱلۡخَيۡرَٰتِ وَيَدۡعُونَنَا رَغَبٗا وَرَهَبٗاۖ وَكَانُواْ لَنَا خَٰشِعِينَ﴾ [الأنبياء: ٨٩-٩٠]

'സകരിയ്യായും (ഓർക്കുക). അതായത്: 'രക്ഷിതാവേ! നീ എന്നെ (പിൻതുടർച്ചക്കാരില്ലാതെ) ഒറ്റയായി വിട്ടുകളയരുതേ! നീ അനന്തരമെടുക്കുന്നവരിൽ ഉത്തമനായിട്ടുള്ളവനാണ്.' എന്ന് അദ്ദേഹം തന്റെ റബ്ബിനെ വിളിച്ച് (പ്രാർത്ഥിച്ച) സന്ദർഭം. * അപ്പോൾ, അദ്ദേഹത്തിനു നാം ഉത്തരം നൽകി; യഹ്‌യയെ അദ്ദേഹത്തിന് നാം പ്രദാനം ചെയ്കയും, തന്റെ ഭാര്യയെ തനിക്കു നന്നാക്കി (പ്രസവിക്കുമാറാക്കി) കൊടുക്കുകയും ചെയ്തു. നിശ്ചയമായും അവർ (എല്ലാവരും) സൽകാര്യങ്ങളിൽ ബദ്ധപ്പാട് കാണിക്കുകയും, ആശിച്ചും പേടിച്ചും കൊണ്ട് നമ്മോടു പ്രാർത്ഥിക്കുകയും ചെയ്തുവന്നിരുന്നു; അവർ നമ്മോടു ഭക്തി കാണിക്കുന്ന വരുമായിരുന്നു. '(21:89-90)

അയ്യൂബ് നബിയുടെ പ്രാർത്ഥനയായി അവൻ പറയുന്നു:

﴿وَأَيُّوبَ إِذۡ نَادَىٰ رَبَّهُۥٓ أَنِّي مَسَّنِيَ ٱلضُّرُّ وَأَنتَ أَرۡحَمُ ٱلرَّٰحِمِينَ ٨٣ فَٱسۡتَجَبۡنَا لَهُۥ فَكَشَفۡنَا مَا بِهِۦ مِن ضُرّٖۖ وَءَاتَيۡنَٰهُ أَهۡلَهُۥ وَمِثۡلَهُم مَّعَهُمۡ رَحۡمَةٗ مِّنۡ عِندِنَا وَذِكۡرَىٰ لِلۡعَٰبِدِينَ﴾ [الأنبياء: ٨٣-٨٤]

അയ്യൂബിനെയും (ഓർക്കുക). അതായതു: 'എനിക്ക് കഷ്ടപ്പാടു ബാധിച്ചിരിക്കുന്നു; നീ കരുണ ചെയ്യുന്ന വരിൽ വെച്ച് ഏവും കരുണ ചെയ്യുന്നവനുമത്രെ!' എന്ന് അദ്ദേഹം തന്റെ റബ്ബിനെ വിളിച്ചു പറയുക (പ്രാർത്ഥിക്കുക) യുണ്ടായ സന്ദർഭം. * അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകി; അങ്ങനെ, അദ്ദേഹത്തിൽ കഷ്ടപ്പാടായിട്ടുള്ളത് (എല്ലാം) നാം അകറ്റിക്കളഞ്ഞു (സുഖപ്പെടുത്തി); നമ്മുടെ പക്കൽ നിന്നുള്ള ഒരു അനുഗ്രഹവും, ആരാധന ചെയ്യുന്ന വർക്ക് ഒരു സ്മരണയുമായിക്കൊണ്ട് അദ്ദേഹ ത്തിന്റെ വീട്ടുകാരെയും, അവരോടൊപ്പം അവരുടെ അത്ര (വേറെ)യും അദ്ദേഹത്തിനു നാം കൊടുക്കു കയും ചെയ്തു. (21:83-84)

വീണ്ടും പറഞ്ഞു:

﴿ٱلَّذِينَ يَحۡمِلُونَ ٱلۡعَرۡشَ وَمَنۡ حَوۡلَهُۥ يُسَبِّحُونَ بِحَمۡدِ رَبِّهِمۡ وَيُؤۡمِنُونَ بِهِۦ وَيَسۡتَغۡفِرُونَ لِلَّذِينَ ءَامَنُواْ رَبَّنَا وَسِعۡتَ كُلَّ شَيۡءٖ رَّحۡمَةٗ وَعِلۡمٗا فَٱغۡفِرۡ لِلَّذِينَ تَابُواْ وَٱتَّبَعُواْ سَبِيلَكَ وَقِهِمۡ عَذَابَ ٱلۡجَحِيمِ ٧ رَبَّنَا وَأَدۡخِلۡهُمۡ جَنَّٰتِ عَدۡنٍ ٱلَّتِي وَعَدتَّهُمۡ وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۚ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ﴾ [غافر: ٧-٨]

'സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലു ള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ് തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്ക്

വേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും ചെയ്യുന്നു: ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരക ശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ.* ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കളെയും, ഭാര്യമാർ, സന്തതികൾ എന്നിവരിൽ നിന്നു സദ്‌വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും. '(40:7-8)

ഇബ്നു അബ്ബാസ് (റ) ൽ നിന്നും ഉദ്ധരിക്കുന്ന ഹദീസ് ഇമാം ബുഖാരി (4859) റിപ്പോർട്ട് ചെയ്യുന്നു;

قال النبي ﷺ يوم بدر: «**اللهم إني أنشدك عهدك ووعدك، اللهم إن شئت لم تعبد**»، فأخذ أبو بكر بيده فقال: حسبك فخرج وهو يقول: «**سيهزم الجمع ويولون الدبر**».

നബി(സ) ബദ്ർ യുദ്ധ ദിവസം പറഞ്ഞു:'അല്ലാഹുവേ ഞാൻ നിന്നോട് നിന്റെ കരാറും വാഗ്ദാനവും തേടുകയാണ്, അല്ലാഹുവെ നീ ഉദ്ദേശിച്ചാൽ നീ ആ

രാധിക്കപ്പെടുകയില്ല' അപ്പോൾ അബൂബകർ(റ) അവിടുത്തെ കരം പിടിക്കുകയും 'അങ്ങയുടെ (ചോദ്യം) മതിയായിട്ടുണ്ട് 'എന്ന് പറയുകയും ചെയ്തു, അപ്പോൾ അവിടുന്ന് 'വഴിയെ (ആ) സംഘം പരാജയപ്പെടുത്തുകയും; അവർ പിന്നോക്കം തിരിഞ്ഞോടുകയും ചെയ്യും. '(ഖമർ 45) ഓതിക്കൊണ്ട് അവിടുന്ന് പുറത്ത് വന്നു.

ഫത്ഹുൽ ബാരിയിൽ (7225) ഇബ്നു ഹജർ പറയുന്നു: ഇബ്നു മസ്ഊദ് (റ) പറഞ്ഞതായി ത്വബ്റാനി ഹസൻ ആയ പരമ്പരയിലൂടെ ഉദ്ധരിക്കുന്നു: 'മുഹമ്മദ് നബി(സ) ബദ്ർ ദിവസം തന്റെ റബ്ബിനോട് 'അല്ലാഹുവെ നീ എന്നോട് വാഗ്ദത്തം ചെയ്തത് ഞാൻ നിന്നോട് തേടുകയാണ്' എന്ന് തേടിയതിനേക്കാൾ ശക്തമായി (തന്റെ നഷ്ടപ്പെട്ട വസ്തു) തേടുന്ന ഒരു തേട്ടവും ഞങ്ങൾ കേട്ടിട്ടില്ല'

**6**

**ആറ്** : പ്രപഞ്ചവും അതിലുള്ളതും അല്ലാഹുവിനുള്ളതും അവന്റെ തീരുമാനത്തിലും നിയന്ത്രണത്തിലുമാണ്. അത് കൊണ്ട് തന്നെ എല്ലാത്തിന്റെയും അധിപനും സൃഷ്ടാവും നിയന്താവുമായ ഏകനായ അവനാണ് വിളിച്ചു തേടപ്പെടേണ്ടത്.

അവൻ പറഞ്ഞു:

﴿ٱلرَّحۡمَٰنُ عَلَى ٱلۡعَرۡشِ ٱسۡتَوَىٰ ٥ لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ وَمَا بَيۡنَهُمَا وَمَا تَحۡتَ ٱلثَّرَىٰ﴾ [طه: ٥- ٦]

'പരമകാരുണികനായുള്ളവൻ 'അർശി'ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു.* അവന്റേതാണ്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും, അവ രണ്ടിനുമിടയിലുള്ളതും, മണ്ണിന്റെ അടിയിലുള്ളതും (എല്ലാം).' (20:5-6)

വീണ്ടും അവൻ പറഞ്ഞു:

﴿يَعۡلَمُ مَا يَلِجُ فِي ٱلۡأَرۡضِ وَمَا يَخۡرُجُ مِنۡهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعۡرُجُ فِيهَاۖ وَهُوَ مَعَكُمۡ أَيۡنَ مَا كُنتُمۡۚ وَٱللَّهُ بِمَا تَعۡمَلُونَ بَصِيرٞ﴾ [الحديد: ٤]

'ഭൂമിയിൽ പ്രവേശിക്കുന്നതും അതിൽ നിന്ന് പുറത്തു വരുന്നതും, ആകാശത്ത് നിന്ന് ഇറങ്ങുന്നതും അതിലേക്ക് കയറിച്ചെല്ലുന്നതും അവൻ അറിഞ്ഞ്

കൊണ്ടിരിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവ നാകുന്നു.' (57: 4)

വീണ്ടും അവൻ പറഞ്ഞു:

﴿ إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَـٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴾ [فاطر: ١٤]

'നിങ്ങളവരെ വിളി(ച്ചു പ്രാർത്ഥി)ക്കുന്ന പക്ഷം, അവർ നിങ്ങളുടെ വിളി കേൾക്കുകയില്ല; അവർ കേട്ടാലും, അവർ നിങ്ങൾക്ക് ഉത്തരം ചെയ്യുകയുമില്ല. ഖിയാമത്തുനാളിലാകട്ടെ, നിങ്ങളുടെ (ഈ) 'ശിർക്കി' നെ അവർ നിഷേധിക്കുകയും ചെയ്യും. (മനുഷ്യാ) സൂക്ഷ്മജ്ഞാനിയെപ്പോലെയുള്ള ഒരാൾ നിനക്ക് വർത്തമാനമറിയിക്കുവാനില്ല' (35:14)

വീണ്ടും അവൻ പറഞ്ഞു:

﴿ ٱللَّهُ ٱلصَّمَدُ ﴾ [الإخلاص: ٤]

'അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ. '(112:2) പരാശ്രയ മുക്തനായവനിലേക്കാണ് സൃഷ്ടികൾ അവരുടെ ആശ്രയം തേടുന്നത്.

## 7

ഏഴ്: അല്ലാഹുവിന്റെ പ്രവാചകന്മാർ അവനോട് ചില സമയങ്ങളിൽ ചില കാര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചിട്ടും അവർക്ക് ഉത്തരം നല്കപ്പെടാതിരുന്നതും അവരുടെ ആഗ്രഹ പൂർത്തീകരണം നടക്കാതിരുന്നതും അല്ലാഹു പരാമർശിക്കുന്നു, മുഹമ്മദ് നബി(സ)യോട് അല്ലാഹു പറയുന്നു:

﴿ إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ ٱللَّهَ يَهْدِي مَن يَشَآءُ ۚ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴾

[القصص: ٥٦]

'(നബിയേ) നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല; എകിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലാക്കുന്നു. സൻമാർഗ്ഗം പ്രാപിക്കുന്നവരെ കുറിച്ച് അവൻ നല്ലവണ്ണം അറിയുന്നവനുമത്രെ.' (28:56)

വീണ്ടും അല്ലാഹു പറയുന്നു:

﴿ٱسْتَغْفِرْ لَهُمْ أَوْ لَا تَسْتَغْفِرْ لَهُمْ إِن تَسْتَغْفِرْ لَهُمْ سَبْعِينَ مَرَّةً فَلَن يَغْفِرَ ٱللَّهُ لَهُمْ ﴾ [التوبة: ٨٠]

'(നബിയേ) അവർക്കു വേണ്ടി നീ പാപമോചനം തേടിക്കൊള്ളുക, അല്ലെങ്കിൽ അവർക്ക് പാപമോചനം തേടാതിരിക്കുക; അവർക്കുവേണ്ടി നീ എഴുപത് പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല തന്നെ '(9:80)

അല്ലാഹു വീണ്ടും പറയുന്നു:

﴿ مَا كَانَ لِلنَّبِيِّ وَٱلَّذِينَ ءَامَنُوٓاْ أَن يَسۡتَغۡفِرُواْ لِلۡمُشۡرِكِينَ وَلَوۡ كَانُوٓاْ أُوْلِي قُرۡبَىٰ مِنۢ بَعۡدِ مَا تَبَيَّنَ لَهُمۡ أَنَّهُمۡ أَصۡحَٰبُ ٱلۡجَحِيمِ ﴾ [التوبة: ١١٣]

'മുശ്‌രിക്ക് (ബഹുദൈവ വിശ്വാസി) കൾക്കുവേണ്ടി പാപമോചനം തേടുവാൻ നബിക്കും വിശ്വസിച്ചവർക്കും പാടില്ല, അവർ അടുത്ത (കുടുംബ) ബന്ധമുള്ളവരായിരുന്നാലും ശരി, അവർ ജ്വലിക്കുന്ന അഗ്നിയുടെ (നരകത്തിന്റെ) ആൾക്കാരാണെന്ന് വ്യക്തമായിത്തീർന്ന ശേഷം.'(9:113)

ഇബ്രാഹീം (അ) നോട് അല്ലാഹു പറഞ്ഞു:

﴿ وَمَا كَانَ ٱسۡتِغۡفَارُ إِبۡرَٰهِيمَ لِأَبِيهِ إِلَّا عَن مَّوۡعِدَةٖ وَعَدَهَآ إِيَّاهُ فَلَمَّا تَبَيَّنَ لَهُۥٓ أَنَّهُۥ عَدُوّٞ لِّلَّهِ تَبَرَّأَ مِنۡهُۚ إِنَّ إِبۡرَٰهِيمَ لَأَوَّٰهٌ حَلِيمٞ ﴾ [التوبة: ١١٤]

'ഇബ്റാഹീം അദ്ദേഹത്തിന്റെ പിതാവിനു വേണ്ടി പാപമോചനം തേടിയത് അദ്ദേഹം അയാളോട് ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമല്ലാതെ ആയിരുന്നില്ല. എന്നിട്ട് അയാൾ അല്ലാഹുവിന്റെ ഒരു ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായിത്തീർന്നപ്പോൾ, അദ്ദേഹം അയാളിൽനിന്ന് (ബന്ധം) വിട്ടുമാറി. നിശ്ചയമായും, ഇബ്റാഹീം വളരെ വിനയനും സഹനശീലനും തന്നെയാകുന്നു.' (9:114) അപ്പോൾ ഈ കാര്യത്തിൽ ഇബ്റാഹീം (അ) ന് അല്ലാഹു ഉത്തരം നല്കിയിട്ടില്ലെന്നത് വ്യക്തമാണ്.

നൂഹ് നബിയെ തൊട്ട് അല്ലാഹു പ്രസ്താവിക്കുന്നു:

﴿وَنَادَىٰ نُوحٌ رَّبَّهُۥ فَقَالَ رَبِّ إِنَّ ٱبْنِى مِنْ أَهْلِى وَإِنَّ وَعْدَكَ ٱلْحَقُّ وَأَنتَ أَحْكَمُ
ٱلْحَٰكِمِينَ ﴿٤٥﴾ قَالَ يَٰنُوحُ إِنَّهُۥ لَيْسَ مِنْ أَهْلِكَ ۖ إِنَّهُۥ عَمَلٌ غَيْرُ صَٰلِحٍ ۖ فَلَا تَسْـَٔلْنِ مَا لَيْسَ لَكَ
بِهِۦ عِلْمٌ ۖ إِنِّىٓ أَعِظُكَ أَن تَكُونَ مِنَ ٱلْجَٰهِلِينَ ﴿٤٦﴾ قَالَ رَبِّ إِنِّىٓ أَعُوذُ بِكَ أَنْ أَسْـَٔلَكَ
مَا لَيْسَ لِى بِهِۦ عِلْمٌ ۖ وَإِلَّا تَغْفِرْ لِى وَتَرْحَمْنِىٓ أَكُن مِّنَ ٱلْخَٰسِرِينَ﴾ [هود: ٤٥-٤٧]

'നൂഹ് തന്റെ റബ്ബിനെ വിളിച്ചു (പ്രാർത്ഥിച്ചു കൊണ്ടു) പറഞ്ഞു' എന്റെ റബ്ബേ! നിശ്ചയമായും, എന്റെ മകൻ എന്റെ വീട്ടുകാരിൽ (അഥവാ സ്വന്തക്കാരിൽ)പെട്ടവനും, നിന്റെ വാഗ്ദാനം യഥാർത്ഥമായുള്ളതുമാണു. നീയാകട്ടെ, വിധികർത്താക്കളിൽ വെച്ചു ഏറ്റവും (വലിയ) വിധികർത്താവുമാകുന്നു (വല്ലോ)!' * അവൻ (റബ്ബു) പറഞ്ഞു: 'നിശ്ചയമായും, അവൻ നിന്റെ വീട്ടുകാരിൽ (സ്വന്തക്കാരിൽ) പെട്ടവനല്ല. (കാരണം) അവൻ നന്നല്ലാത്ത ഒരു പ്രവൃത്തി (ക്കാരൻ) ആകുന്നു. ആകയാൽ, നിനക്കു അറിവില്ലാത്ത കാര്യം (സംബന്ധിച്ചു) എന്നോട് നീ ചോദിക്കരുത്. നീ (അറിവില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുമെന്നതിനാൽ, ഞാൻ നിന്നെ ഉപദേശിക്കുകയാണ്. * അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! എനിക്ക് അറിവില്ലാത്ത കാര്യം (സംബന്ധിച്ചു) നിന്നോടു ചോദിക്കുന്നതിനെക്കുറിച്ചു ഞാൻ നിന്നോടു ശരണം തേടുന്നു. എനിക്കു നീ പൊറുത്തു

തരുകയും, എന്നോടു നീ കരുണ ചെയ്യുകയും ചെയ്യാത്തപക്ഷം, ഞാൻ നഷ്ടക്കാരിൽ പെട്ടവനായി ത്തീരും!'(11:45-47)

അപ്പോൾ എങ്ങനെയാണ് അവർ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുക?

ഉഹ്ദിൽ സംഭവിച്ചത് എന്താണെന്നു നോക്കൂ, മുസ്ലിംകൾ നബി(സ)യുടെ നേതൃത്വത്തിൽ മുശ്രി ക്കുകളുമായി ധർമ സമരത്തിലായിരുന്ന സമയ ത്ത് വിജയം ആഗ്രഹിക്കുകയും അതിനു വേണ്ട കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തെങ്കിലും ആ ആഗ്രഹം അവർക്ക് പൂർത്തീകരിക്കപ്പെട്ടില്ല. എന്നാൽ ഇത്തരം കാരണങ്ങൾ സംഭവിക്കുന്നതിൽ നിന്നും വിശ്വാസി സമൂഹത്തിനു ശരിയായ ശിക്ഷണവും കൃത്യമായ ദിശാബോധവും നൽകി കൊണ്ട് സൂ.ആ ലു ഇംറാനിൽ അല്ലാഹു ധാരാളം ആയത്തുകൾ അവതരിപ്പിച്ചിട്ടുണ്ട് .

വീണ്ടും നോക്കു , സ്വിഫീൻ യുദ്ധ സമയത്ത് മറു കക്ഷിക്കെതിരെ സഹായം തേടി കൊണ്ട് അതി നു വേണ്ടി ശ്രമിച്ചിട്ടും അലി(റ)നും ആ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടില്ല.

വീണ്ടും നോക്കൂ , ഹുസൈൻ (റ)വും അഹ്ലു ബൈത്തിൽ (നബി കുടുംബം) നിന്ന് ഒരു വിഭാഗ വും സ്വയരക്ഷക്ക് വേണ്ടി പൊരുതിയിട്ട് പോലും അവർക്ക് സ്വരക്ഷ പോലും സാധ്യമായില്ല..!

അപ്പോൾ എവിടെ, അല്ലാഹുവിന് പുറമെ അലി(റ) യെയും ഹുസൈൻ (റ)യെയും വിളിച്ചു തേടുന്നവർ? അവർക്ക് സ്വരക്ഷക്കോ, അവരുടെ മേലും അഹ്ലു ബൈത്തിനു മേലുമുള്ള അല്ലാഹുവിന്റെ വിധിയെ മറികടക്കാനോ അവർക്ക് സാധിക്കുന്നില്ല, ജനങ്ങളിൽ ഒരാൾക്കും അവരുടെ പ്രയാസങ്ങൾ നീക്കാനോ അവർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെ പ്രതിരോധിക്കാനോ സാധ്യമല്ല എന്നത് കേവല ബുദ്ധി കൊണ്ട് പോലും മനസ്സിലാക്കാവുന്ന കാര്യമാണ്. തങ്ങൾ അഭിമുഖീകരിച്ച പ്രയാസകരമായ സാഹചര്യത്തിൽ അലി(റ)വും ഹുസൈൻ(റ)വും അവരിരുവരുടെയും നാഥനിലേക്ക് അഭയം തേടുകയാണ് ചെയ്തത്. അത് കൊണ്ട് തന്നെ അവരോട് സ്നേഹമുണ്ടെന്ന് വാദിക്കുന്നവർ അവരുടെ വഴിയിൽ പ്രവേശിക്കുകയും അവരുടെ മാർഗം പിൻപറ്റുകയുമാണ് വേണ്ടത്.

അത് പോലെ തന്നെ ചില ആളുകളിൽ കാണുന്ന ഒരു കാര്യം, അവർ അല്ലാഹുവിന്റെ ഭവനത്തിൽ കഅ്ബയുടെ അടുത്തായിരിക്കുമ്പോൾ എഴുന്നേൽക്കുമ്പോൾ അവർ യാ അലീ ! എന്നാണ് വിളിക്കുന്നത്, അങ്ങനെ അത് കേട്ട ചില ജ്ഞാനികൾ അവനോട് ചോദിച്ചു, 'നീ മനുഷ്യന്മാരിൽ ഒരാളുടെ വീട്ടിലായിരിക്കുകയും നിനക്ക് വല്ല ആവശ്യങ്ങളും വരികയുമാണെങ്കിൽ നീ അയാളു

ടെ അയൽക്കാരനെ തേടി പോകുമോ? അതല്ല ആ വീട്ടുകാരനോട് ചോദിക്കുമോ? അപ്പോൾ ആ മനുഷ്യൻ 'ഞാൻ വീട്ടുകാരനോട് ചോദിക്കും' എന്ന് മറുപടി പറഞ്ഞു അപ്പോൾ നോക്ക്, അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, അവന് തന്റെ വാദത്തെ പ്രതിരോധിക്കാനാവുന്നില്ല, മറിച്ച് സത്യത്തെ അംഗീകരിക്കേണ്ടി വരുന്നു.

അത് കൊണ്ട് അല്ലാഹു പറഞ്ഞു:

﴿ أُوْلَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ إِنَّ عَذَابَ رَبِّكَ كَانَ مَحۡذُورٗا ﴾ [الإسراء: ٥٧]

'അവർ വിളി (ച്ചു പ്രാർത്ഥി) ക്കുന്നവരായ അക്കൂട്ടർ, തങ്ങളുടെ റബ്ബിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുന്നു; അതായത്, അവരിൽ അധികം അടുത്തവരേതോ അവർ (തന്നെ). അവർ അവന്റെ കാരുണ്യം അഭിലഷിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും, നിന്റെ റബ്ബിന്റെ ശിക്ഷ (ജാഗ്രതയോടെ) സൂക്ഷിക്കപ്പെടേണ്ടതാകുന്നു. '(17:57)

ചിന്തിക്കുന്ന ആൾക്കാർക്ക് വേണ്ടി ഇനി മറ്റൊരു ഉദാഹരണം ഞാൻ വിവരിക്കാം, ഒരു മനുഷ്യന് അല്ലാഹു ധാരാളം സമ്പത്ത് നൽകി, അയാൾക്ക് മക്കളുമുണ്ട്, അയാൾ മക്കളോട് പറഞ്ഞു: 'നിങ്ങൾക്ക് വല്ല പണമോ ഭക്ഷണമോ

വസ്ത്രമോ ആവശ്യമുണ്ടെങ്കിൽ എന്നോട് ചോദിക്കണം, എന്നാൽ ആ മക്കൾ പിതാവിനോട് ചോദിക്കാതെ അവരുടെ ആവശ്യങ്ങൾ അവരുടെ അയൽക്കാരനോട് ചോദിക്കുന്നു!!! അവരുടെ പ്രവൃത്തി ബുദ്ധിക്ക് യോജിക്കുന്നതാണോ? അതോ കേവല ബുദ്ധി പോലും തള്ളിക്കളയുന്ന മൗഢ്യമാണോ അവർ ചെയ്തത്? ഇത് സൃഷ്ടിയുമായി ബന്ധപ്പെട്ടതാണ്, അപ്പോൾ സൃഷ്ടാവുമായി തുലനം ചെയ്യുമ്പോൾ അവൻ എത്രയോ ഉന്നതിയിൽ അല്ലെ?!

ചില ആൾക്കാർ അല്ലാഹുവിന് പുറമെ വിളിച്ച് തേടാൻ തെളിവ് പിടിക്കുന്നത് മൂസ നബി പാറയിലടിച്ചപ്പോൾ വെള്ളം വന്നതും ഈസാ നബി മരണപ്പെട്ടവരെ ജീവിപ്പിച്ചതും, വെള്ളപ്പാണ്ടും കുഷ്ടവും മാറ്റിയതും പോലെയുള്ള പ്രവാചകന്മാരുടെ മുഅ്ജിസത്ത് (അമാനുഷിക കഴിവ്) ആണ്.

അതിനു മറുപടിയായിക്കൊണ്ട് ഞാൻ പറയുന്നു:
ഒന്ന്: ഈ മുഅ്ജിസത്തുകൾ അല്ലാഹുവിങ്കൽ നിന്നുള്ളതാണ്, അല്ലാഹു പറയുന്നു:

﴿قَدْ جِئْتُكُم بِآيَةٍ مِّن رَّبِّكُمْ أَنِّي أَخْلُقُ لَكُم مِّنَ الطِّينِ كَهَيْئَةِ الطَّيْرِ فَأَنفُخُ فِيهِ فَيَكُونُ طَيْرًا بِإِذْنِ اللَّهِ وَأُبْرِئُ الْأَكْمَهَ وَالْأَبْرَصَ وَأُحْيِي الْمَوْتَىٰ بِإِذْنِ اللَّهِ﴾ [آل عمران: ٤٩].

''ഇസ്റാഈൽ സന്തതികളിലേക്ക് റസൂലായും (അവനെ അയക്കും): നിങ്ങളുടെ റബ്ബിങ്കൽ നിന്നു

ഒരു ദൃഷ്ടാന്തവും കൊണ്ടു ഞാൻ നിങ്ങളിൽ വന്നിരിക്കുന്നുവെന്നു (ള്ള ദൗത്യവുമായി); അതായത്, പക്ഷിയുടെ ആകൃതിപോലെ കളിമണ്ണിനാൽ ഞാൻ നിങ്ങൾക്ക് (രൂപം) സൃഷ്ടിച്ചുണ്ടാക്കിത്തരും; എന്നിട്ട് ഞാനതിൽ ഊതും, അപ്പോൾ അല്ലാഹുവിന്റെ അനുവാദം കൊണ്ട് അത് പക്ഷിയായിത്തീരും. അല്ലാഹുവിന്റെ അനുവാദം കൊണ്ട് ജന്മനാ അന്ധനായവനെയും, വെള്ളപ്പാണ്ടുകാരനെയും ഞാൻ സുഖപ്പെടുത്തുകയും, മരണപ്പെട്ടവരെ ജീവിപ്പിക്കുകയും ചെയ്യും'(3:49)അത് കൊണ്ട് തന്നെ അവർക്ക് ഈ അമാനുഷിക കഴിവുകൾ നൽകിയ അല്ലാഹുവിനോട് ചോദിക്കുകയാണ് നാം ചെയ്യേണ്ടത്.

രണ്ട് : ആ പ്രവാചകന്മാർ പോലും അല്ലാഹുവോടാണ് ചോദിച്ചത് എന്ന് മുൻ ആയത്തുകളിൽ നിന്ന് വ്യക്തമാക്കപ്പെട്ടതാണ്, അത് കൊണ്ട് ഏ മനുഷ്യാ, ഉത്തമ മാതൃകയുള്ള അവരിൽ മാതൃക സ്വീകരിക്കുകയാണ് നീ ചെയ്യേണ്ടത്.

മൂന്ന്: മുൻ പ്രസ്താവിക്കപ്പെട്ട തെളിവുകളിലൂടെ അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയുടെ വിരോധം വ്യക്തമാണ്, അതിനാൽ മനുഷ്യർക്ക് സാധിക്കുന്ന കാര്യങ്ങളും നീ നിന്റെ റബ്ബിനെ കൊണ്ട് ആരംഭിക്കുകയാണ് വേണ്ടത്.

അബൂ ജഅ്ഫർ അൽ മുഹമ്മദ് അൽ ബാഖിർ പറഞ്ഞു; 'ഏതെങ്കിലും ഒരു സൃഷ്ടിക്ക് വല്ല ഉദ്ദേശവും ഉണ്ടെങ്കിൽ അവൻ അവന്റെ റബ്ബിൽ നിന്ന് ആരംഭിക്കട്ടെ' (കിതാബുൽ മുസ്തഗീസീന ബില്ലാഹ്)

## 8

**എട്ട് :** അല്ലാഹു അവനെ മാത്രം വിളിച്ചു തേടാൻ കല്പിച്ചു, അവനല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് വിരോധിച്ചു , ദാസന്മാർ അവനോട് പ്രാർത്ഥിക്കുന്നതും അവനോട് സഹായം തേടുന്നതും വ്യത്യസ്തമായ കാര്യങ്ങളിൽ അവനിലേക്ക് മടങ്ങുന്നതും അവൻ ഇഷ്ടപ്പെടുന്നു, അപ്പോൾ പ്രാർത്ഥന എന്നത് അല്ലാഹു ഇഷ്ടപ്പെടുന്ന ആരാധനയാണ്, അതിനാൽ ഒരാൾ പ്രാർത്ഥിക്കുമ്പോൾ അവൻ ചെയ്യുന്നത് അല്ലാഹുവിങ്കൽ സാമിപ്യം സിദ്ധിക്കാനുള്ള അവന് ഇഷ്ടപ്പെട്ട പ്രവർത്തനമാണ്. അതിനുള്ള തെളിവ് ഒരു ഖുദ്സിയ്യായ ഹദീസ് ആണ്; നബി(സ) പറഞ്ഞു:

**«يَنْزِلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرُ يَقُولُ: مَنْ يَدْعُونِي، فَأَسْتَجِيبَ لَهُ مَنْ يَسْأَلُنِي فَأُعْطِيَهُ، مَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ».**

'അനുഗ്രഹ പൂർണ്ണനും ഉന്നതനായ നമ്മുടെ രക്ഷിതാവ് എല്ലാ രാത്രികളിലും, അതിന്റെ മൂന്നിലൊന്ന് ബാക്കിയുള്ള സമയത്ത് ഒന്നാനാകാശത്തിലേക്ക് ഇറങ്ങി വരും എന്നിട്ട് പറയുന്നു 'ആര് എന്നെ വിളിച്ച് തേടിയോ അവനു ഞാൻ ഉത്തരം നൽകും, ആര് എന്നോട് ചോദിച്ചുവോ അവനു

ഞാൻ നൽകും, ആര് എന്നോട് പൊറുക്കലിനെ തേടിയോ അവനു ഞാൻ പൊറുത്ത് കൊടുക്കും..' (ബുഖാരി 1152 , മുസ്‌ലിം 759 )

ഈ മഹത്തായ ആദരവ് നോക്കൂ, അല്ലാഹു തന്റെ ദാസന്മാർ അവനോട് ചോദിക്കാനും പ്രാർത്ഥിക്കാനും വേണ്ടി എല്ലാ രാത്രികളിലും അവൻ അവരെ വിളിക്കുകയാണ്, അവൻ അവരെക്കാൾ ഐശ്വര്യമുള്ളവനാണ്, അതിനാൽ തന്റെ റബ്ബിൽ നിന്നുള്ള ഈ മഹത്തായ ആദരവ് ഉപയോഗപ്പെടുത്തി കൊണ്ട് അവനിൽ നിന്ന് ഐശ്വര്യം നേടുകയാണ് മനുഷ്യൻ ചെയ്യേണ്ടത്, അങ്ങനെ അവൻ പ്രാർത്ഥനകൾ അധികരിപ്പിക്കട്ടെ, അങ്ങനെ അവനു ഹൃദയ വിശാലതയും മനഃശ്ശാന്തിയും ഈമാനിൽ വർധനവും ലഭിക്കും.

അല്ലാഹു പറഞ്ഞു:

﴿وَسْـَٔلُوا۟ ٱللَّهَ مِن فَضْلِهِۦٓ ۗ إِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا﴾ [النساء: ٣٢]

'അല്ലാഹുവിനോട് അവന്റെ അനുഗ്രഹത്തിൽ (അഥവാ ഔദാര്യത്തിൽ) നിന്നും നിങ്ങൾ ചോദിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു. '(4:32)

അബൂ ദർറ് (റ) ഉദ്ധരിക്കുന്ന ഒരു ഹദീസ് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്നു, അല്ലാഹു പറയുന്നതായി നബി(സ) വിവരിക്കുന്നു:

**«يا عبادي إني حرمت الظلم على نفسي وجعلته بينكم محرما فلا تظالموا يا عبادي كلكم ضال إلا من هديته فاستهدوني أهدكم يا عبادي كلكم جائع، إلا من أطعمته فاستطعموني أطعمكم يا عبادي كلكم عارًا إلا من كسوته فاستكسوني أكسكم».**

'എന്റെ ദാസന്മാരെ ഞാൻ അതിക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾ പരസ്പരം അക്രമം കാണിക്കുന്നതും ഞാൻ നിങ്ങളോട് വിലക്കിയിരിക്കുന്നു, അതിനാൽ നിങ്ങൾ പരസ്പരം അക്രമം കാണിക്കരുത്. എന്റെ ദാസന്മാരെ നിങ്ങളിൽ ഞാൻ സന്മാർഗം കാണിക്കാത്തവരെല്ലാം വഴി പിഴച്ചവരാണ്, അതിനാൽ നിങ്ങളെന്നോട് സന്മാർഗം ചോദിക്കുക, ഞാൻ നിങ്ങളെ സന്മാർഗത്തിലാക്കാം. എന്റെ ദാസന്മാരെ നിങ്ങളിൽ ഞാൻ ഭക്ഷണം തരാത്തവരെല്ലാം വിശക്കുന്നവരാണ്, അതിനാൽ നിങ്ങളെന്നോട് ഭക്ഷണം ചോദിക്കുക, ഞാൻ നിങ്ങൾക്ക് ഭക്ഷണം നൽകാം, എന്റെ ദാസന്മാരെ നിങ്ങളിൽ ഞാൻ വസ്ത്രം നല്കാത്തവരെല്ലാം നഗ്നരാണ്, അതിനാൽ നിങ്ങളെന്നോട് വസ്ത്രം ചോദിക്കുക, ഞാൻ നിങ്ങൾക്ക് വസ്ത്രം നൽകാം...'

അബൂ ഹുറയ്റ (റ) പറയുന്നു: നബി(സ) പറഞ്ഞിരിക്കുന്നു:

**«من لم يسأل الله يغضب عليه».**

'ആരെങ്കിലും അല്ലാഹുവോട് ചോദിക്കുന്നില്ല എങ്കിൽ അവനോട് അവൻ കോപിക്കുന്നു' (തുർമുദി 3657, ഇബ്നു മാജ 3853)

'ആരെങ്കിലും അല്ലാഹുവോട് ചോദിക്കുന്നില്ല എങ്കിൽ അവനോട് അവൻ കോപിക്കുന്നു' (തുർമുദി 3657, ഇബ്നു മാജ 3853)

തന്റെ ഒരു കാര്യത്തിലും അല്ലാഹുവോട് ചോദിക്കാത്തവന്റെ മേൽ അല്ലാഹു കോപിക്കുമെന്ന ആശയം ഖുർആനിലും സുന്നത്തിലും സംശയലേശമന്യേ സ്ഥിരപ്പെട്ട കാര്യമാണ്, കാരണം അവൻ അല്ലാഹുവിനെ റബ്ബായോ ഇലാഹായോ സ്വീകരിച്ചിട്ടില്ല എന്നത് തന്നെ.

സന്മാർഗം ചോദിക്കുന്നത് പോലെ അവനോട് ചോദിക്കൽ നിർബന്ധമായ കാര്യങ്ങളുണ്ട്; അല്ലാഹു പറയുന്നു: 'ചൊവ്വായ പാതയിൽ നീ ഞങ്ങളെ വഴി ചേർക്കേണമേ!' (1:6) അത് പോലെ തന്നെ ഇരു സുജൂദുകൾക്കിടയിലെ ഇരുത്തത്തിലേത് പോലെ പാപമോചനം ചോദിക്കുന്നതും മുതലായവ.

ഈ ആശയത്തിൽ പല രചനകളും കാണാവുന്നതാണ് :

الرب يغضب إن تركت سؤاله وبني آدم حين يسأل يغضب.

(മനുഷ്യൻ അവനോട് ചോദിക്കുമ്പോഴാണ് കോപിക്കുന്നതെങ്കിൽ നിന്റെ രക്ഷിതാവ് അവനോട് ചോദിക്കാതിരിക്കുമ്പോഴാണ് കോപിക്കുന്നത്)

# 9

**ഒമ്പത്:** അല്ലാഹുവിനു മാത്രം സാധിക്കുന്ന വിഷയങ്ങളിൽ അല്ലാഹു അല്ലാത്തവരോട് ചോദിക്കുന്നതിന് മതപരമായി വിരോധം ഉള്ളതോട് കൂടി തന്നെ സന്നിഗ്ദ ഘട്ടങ്ങളിൽ ആപത്തുകൾ നീങ്ങാൻ അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുന്ന പ്രകൃതിയാണ് മനുഷ്യനിൽ ഉള്ളതും, അതാണ് സത്യനിഷേധികൾ അടക്കം എല്ലാ മനുഷ്യരും ചെയ്യുന്നത്, ബഹുദൈവ വിശ്വാസികളെ കുറിച്ച് അല്ലാഹു പറയുന്നു:

﴿حَتَّىٰٓ إِذَا كُنتُمۡ فِي ٱلۡفُلۡكِ وَجَرَيۡنَ بِهِم بِرِيحٖ طَيِّبَةٖ وَفَرِحُواْ بِهَا جَآءَتۡهَا رِيحٌ عَاصِفٞ وَجَآءَهُمُ ٱلۡمَوۡجُ مِن كُلِّ مَكَانٖ وَظَنُّوٓاْ أَنَّهُمۡ أُحِيطَ بِهِمۡ دَعَوُاْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ لَئِنۡ أَنجَيۡتَنَا مِنۡ هَٰذِهِۦ لَنَكُونَنَّ مِنَ ٱلشَّٰكِرِينَ﴾ [يونس: ٢٢]

‘അവനത്രെ, കരയിലും, കടലിലും, നിങ്ങളെ നടത്തുന്നവൻ. അങ്ങനെ, നിങ്ങൾ കപ്പലുകളിലായിരിക്കുമ്പോൾ, നല്ല (അനുകൂലമുളള)തായ ഒരു കാറ്റ് നിമിത്തം അവ അവരെ (യാത്രക്കാരെ)യും കൊണ്ട് സഞ്ചരിക്കുകയും, അവരതിൽ സന്തോഷമടയുകയും (ചെയ്യുമ്പോൾ), (അതാ) അവർക്ക് ഒരു കൊടുങ്കാറ്റ് വന്നെത്തി! നാനാഭാഗത്തുനിന്നും അവർക്ക് തിരമാല വന്നെത്തുകയും ചെയ്തു; തങ്ങൾ വലയം

ചെയ്യപ്പെട്ടു (നാശത്തിലകപ്പെട്ടു) വെന്ന് അവർ ധരിക്കുകയും ചെയ്തു. (അപ്പോൾ) കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിയവരായിക്കൊണ്ട് അവർ അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയായി: ഇതിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തിത്തരുന്ന പക്ഷം, തീർച്ചയായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുകതന്നെ ചെയ്യും.' (10:22)

വീണ്ടും അവരെ കുറിച്ച് പറഞ്ഞു:

﴿وَإِذَا مَسَّكُمُ ٱلضُّرُّ فِي ٱلۡبَحۡرِ ضَلَّ مَن تَدۡعُونَ إِلَّآ إِيَّاهُۖ فَلَمَّا نَجَّىٰكُمۡ إِلَى ٱلۡبَرِّ أَعۡرَضۡتُمۡۚ وَكَانَ ٱلۡإِنسَٰنُ كَفُورًا﴾ [الإسراء: ٦٧]

'സമുദ്രത്തിൽ വെച്ച് നിങ്ങൾക്ക് ഉപദ്രവം ബാധിച്ചാൽ നിങ്ങൾ വിളി(ച്ചുപ്രാർത്ഥി) ക്കുന്നവർ (നിങ്ങളുടെ മനസ്സുകളിൽ നിന്ന്) അപ്രത്യക്ഷമാകും അവൻ (മാത്രം) ഒഴികെ. എന്നാൽ, അവൻ നിങ്ങളെ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോൾ, നിങ്ങൾ തിരിഞ്ഞു കളയുകയായി! മനുഷ്യൻ നന്ദികെട്ടവനാകുന്നുതാനും! ' (17:67)

എന്തിനേറെ, ജീവ ജാലങ്ങൾ പോലും തങ്ങളുടെ റബ്ബിലേക്ക് തിരിയുന്ന പ്രകൃതിയിലാണ് ഉള്ളത്, സുലൈമാൻ(അ)ന്റെ ഹുദ്ഹുദ്നെ കുറിച്ച് അല്ലാഹു പറയുന്നു:

﴿فَمَكَثَ غَيۡرَ بَعِيدٖ فَقَالَ أَحَطتُ بِمَا لَمۡ تُحِطۡ بِهِۦ وَجِئۡتُكَ مِن سَبَإِۭ بِنَبَإٖ

يَقِينٍ ﴿٢٢﴾ إِنِّي وَجَدتُّ ٱمۡرَأَةٗ تَمۡلِكُهُمۡ وَأُوتِيَتۡ مِن كُلِّ شَيۡءٖ وَلَهَا عَرۡشٌ
عَظِيمٞ ﴿٢٣﴾ وَجَدتُّهَا وَقَوۡمَهَا يَسۡجُدُونَ لِلشَّمۡسِ مِن دُونِ ٱللَّهِ وَزَيَّنَ لَهُمُ ٱلشَّيۡطَٰنُ
أَعۡمَٰلَهُمۡ فَصَدَّهُمۡ عَنِ ٱلسَّبِيلِ فَهُمۡ لَا يَهۡتَدُونَ ﴾ [النمل: ٢٢-٢٤]

'അങ്ങനെ, അത്(മരകൊത്തി)വിദൂരമല്ലാത്തവണ്ണം (അൽപം) താമസിച്ചു. എന്നിട്ട് (വന്ന് ഇങ്ങിനെ) പറഞ്ഞു: 'അങ്ങുന്ന് സൂക്ഷ്മമായറിഞ്ഞിട്ടില്ലാത്ത ഒരു കാര്യത്തെ കുറിച്ച് ഞാൻ സൂക്ഷ്മമായറിഞ്ഞിരിക്കുന്നു; 'സബഇ'ൽ നിന്നും ദൃഢമായ ഒരു വാർത്തയുമായി ഞാൻ അങ്ങയുടെ അടുക്കൽ വന്നിരിക്കുകയാണ്. * 'നിശ്ചയമായും, അവരെ (സബഉകാരെ) ഭരിച്ചുവരുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടെത്തുകയുണ്ടായി. എല്ലാ വസ്തു ക്കളിൽ നിന്നും (ആവശ്യമായത്ര) അവർക്കു നൽകപ്പെട്ടിരിക്കുന്നു. ഒരു വമ്പിച്ച സിംഹാസനവും അവർക്കുണ്ട്.* 'അവളെയും, അവളുടെ ജനതയെയും അല്ലാഹുവിനെ വിട്ട് സൂര്യന്നു സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നതായി ഞാൻ കണ്ടെത്തിയിരിക്കുന്നു. അവരുടെ കർമ്മങ്ങൾ പിശാച് അവർക്കു ഭംഗിയാക്കിക്കാണിച്ചു അവരെ (നേരായ) മാർഗ്ഗത്തിൽ നിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ, അവർ സൻമാർഗ്ഗത്തിൽ ചരിക്കുന്നില്ല;' (27:22-24)

നോക്കൂ , അല്ലാഹു അല്ലാത്തവരിലേക്ക് തിരി

ഞ്ഞവരെ ഈ പക്ഷി പോലും എങ്ങനെയാണ് നിഷേധിക്കുന്നതെന്ന്.! ഇത് ഒരു പ്രകൃതിയാണ്, മനുഷ്യരെയും ജിന്നുകളെയും സംസാര ശേഷിയുള്ളതും സംസാര ശേഷിയില്ലാത്തതും തുടങ്ങി മുഴുവൻ സൃഷ്ടികളെയും അല്ലാഹു സൃഷ്ടിച്ചതായിട്ടുള്ള ശുദ്ധ പ്രകൃതി.

## 10

**പത്ത്:** വിളിച്ച് തേടപ്പെടുന്നവർ തങ്ങളെ പോലെ ഉള്ള മനുഷ്യർ മാത്രമാണെന്ന് മനുഷ്യർക്ക് സ്വബുദ്ധി കൊണ്ട് മനസ്സിലാകുന്നതാണ്. പിന്നെങ്ങനെയാണ് അവൻ അവരോട് അല്ലാഹുവിനു പുറമെ സഹായം തേടുകയും അവരിലേക്ക് അഭയം പ്രാപിക്കുകയും അവരോട് രോഗ ശമനവും ഉപജീവനവും ചോദിക്കുകയും ചെയ്യുന്നത് ?

അല്ലാഹു തന്റെ പ്രവാചകനെ കുറിച്ച് പറയുന്നു:

﴿قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا﴾ [الكهف: ١١٠]

'(നബിയേ) പറയുക: 'നിശ്ചയമായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു; നിങ്ങളുടെ ഇലാഹു (ആരാധ്യൻ) ഒരേ ഒരു ഇലാഹാണെന്നു എനിക്കു വഹ്‌യു (ഉൽബോധനം) നൽകപ്പെടുന്നു. (ഇതാണു എന്റെ പ്രത്യേകത). അതിനാൽ, ആരെങ്കിലും തന്റെ റബ്ബുമായി കാണുവാൻ ആശിക്കുന്നുവെങ്കിൽ, അവൻ സൽക്കർമ്മം പ്രവർത്തിച്ചുകൊള്ളട്ടെ; തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളേയും (അവനോടു) പങ്കുചേർക്കാതെയുമിരിക്കട്ടെ.' (18:110)

വീണ്ടും അവൻ പറഞ്ഞു:

﴿قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ ۖ وَمَا كَانَ لَنَآ أَن نَّأْتِيَكُم بِسُلْطَٰنٍ إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ﴾ [إبراهيم: ١١]

'അവരോടു അവരുടെ റസൂലുകൾ പറഞ്ഞു: 'ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല, എങ്കിലും, അല്ലാഹു അവന്റെ അടിയാൻമാരിൽ നിന്നും അവൻ ഉദ്ദേശിക്കുന്നവരുടെ മേൽ അവൻ ദാക്ഷിണ്യം (അനുഗ്രഹം) ചെയ്യുന്നു. അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ നിങ്ങൾക്ക് ഒരു (അധികൃത) രേഖയും കൊണ്ടുവരുവാൻ ഞങ്ങൾക്ക് ആകുകയില്ല. സത്യവിശ്വാസികൾ അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ, (14:11)

ഒരു ആയത്തിലൂടെ അവൻ പ്രസ്താവിക്കുന്നു:

﴿إِنَّ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ عِبَادٌ أَمْثَالُكُمْ ۖ فَٱدْعُوهُمْ فَلْيَسْتَجِيبُوا۟ لَكُمْ إِن كُنتُمْ صَٰدِقِينَ﴾[الأعراف: ١٩٤]

'നിശ്ചയമായും, അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവർ നിങ്ങളെപ്പോലെയുള്ള അടിയാൻമാരാകുന്നു, (എല്ലാവരും അവന്റെ അടിമകൾ തന്നെ) എന്നാൽ അവരെ വിളി(ച്ചു പ്രാർത്ഥി)ക്കുക എന്നിട്ട് അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ! (എന്നാലതൊന്നു കാണാമല്ലോ)' (7:194)

എന്നാൽ സൃഷ്ടികൾക്കു കഴിയുന്ന കാര്യങ്ങളിൽ പോലും സൃഷ്ടികളിലേക്ക് തിരിയാതെ അല്ലാഹുവിനോട് ചോദിക്കേണ്ടതുണ്ട്. അപ്രകാരം ചില ആൾക്കാർ അവർക്ക് വല്ല രോഗവും ബാധിച്ചാൽ അവരതാ റുഖിയ (രോഗ ശമനത്തിനുള്ള പ്രാർ ത്ഥന) നടത്തുന്നവരുടെ അടുത്തേക്ക് പോകുന്നു, എന്നാൽ ആദ്യമായി അവൻ സ്വയം റുഖിയ നടത്തുകയാണ് വേണ്ടത്, അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം നിമിത്തം മുസ്‌ലിംകളിൽ എല്ലാവർക്കും സ്വയമായി ഫാതിഹയും ആയത്തുൽ കുർസിയും മുഅവ്വിദാത്തും (ഇഖ്‌ലാസ്, ഫലഖ്, നാസ്) അത് പോലുള്ള സൂറത്തുകളും ആയത്തുകളും ഓതാൻ അറിയാമല്ലോ.

സ്വയം തനിക്ക് വേണ്ടി റുഖിയ നടത്തുമ്പോൾ അവൻ കൂടുതൽ പരിശ്രമിക്കും. അങ്ങനെ അവന്റെ പാരായണം ഹൃദയ സാന്നിധ്യത്തോടെ അല്ലാഹുവോട് അടുത്തതുമായിത്തീരും . അതാണ് ഉത്തരം ലഭിക്കാൻ ഏറ്റവും സാധ്യത ഉള്ളത്, എത്രയെത്ര ആൾക്കാരാണ് അവർ സ്വയം റുഖിയ നടത്തുകയും അല്ലാഹു അവർക്ക് ശമനം നൽകുകയും ചെയ്തിട്ടുള്ളത്.

അത് പോലെ തന്നെ ഒരാൾക്ക് വല്ല ജോലിയും ആവശ്യമായി വരുമ്പോൾ അത് എളുപ്പം ലഭി ക്കുവാൻ വേണ്ടി ശുപാർശക്കായി പലരെയും അന്വേ

ഷിച്ചു നടക്കുന്നു, എന്നാൽ ആ ജോലി അവന് എളുപ്പത്തിൽ ലഭിക്കാൻ വേണ്ടി അവൻ അല്ലാഹു വിലേക്ക് തിരിയുന്നുമില്ല.

റേഡിയോ പ്രോഗ്രാമിനിടെ കേട്ട ഒരു സംഭവ കഥ ഇവിടെ ഓർക്കുകയാണ്, ഒരാൾ ഒരു ജോലി അന്വേഷിച്ചു കൊണ്ട് അതിന്റെ ഉത്തരവാദപെട്ടവ രെ ബന്ധപ്പെട്ടു, എന്നാൽ അവർ ഇയാളോട് താത് പര്യം കാണിച്ചില്ല, അങ്ങനെ ഇയാൾക്ക് ആ ജോലി യിൽ പ്രവേശിക്കൽ കുറച്ച് പ്രയാസകരമായിത്തീ ർന്നു, അങ്ങനെ അയാൾ അയാൾക്ക് വേണ്ടി ശുപാ ർശ നടത്താൻ ഒരു പണ്ഡിതനെ സമീപിച്ചു, എന്നാ ൽ അല്ലാഹുവിലേക്ക് തേടാനാണ് ആ മനുഷ്യൻ അയാളെ ഉപദേശിച്ചത്. ആ പണ്ഡിതന്റെ ഉപദേശം സ്വീകരിച്ച അയാൾ പ്രഭാതത്തിന് മുന്നേ എഴുന്നേറ്റ് നമസ്കരിച്ച് പ്രാർത്ഥിക്കാൻ ആരംഭിച്ചു, അതിനു ശേഷം വീണ്ടും അയാൾ ആ ജോലിയുമായി ബന്ധ പ്പെട്ട് ഉത്തരവാദപ്പെട്ടവരെ കണ്ടപ്പോൾ അയാൾക്ക് ആ ജോലി പ്രവേശം എളുപ്പമായെന്നു മാത്രമല്ല, ആദ്യ പ്രാവശ്യം അയാളെ പരിഗണിക്കാതിരുന്നവ രിൽ ഒരാൾ ‘നീ എവിടെയായിരുന്നു?‘ എന്ന് ചോദിക്കുക കൂടി ചെയ്തു.

എന്നാൽ ചില ആൾക്കാർ അവർക്ക് വേണ്ടി യുള്ള പ്രാർത്ഥനകൾ പോലും മറ്റുള്ളവരോട് അവ

ർക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത് കാണാം, എന്നാൽ നമ്മുടെ രക്ഷിതാവ് പറയുന്നു:

﴿ وَقَالَ رَبُّكُمُ ٱدۡعُونِيٓ أَسۡتَجِبۡ لَكُمۡۚ ﴾ [غافر: ٦٠]

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.' (40:60)

വീണ്ടും അവൻ പറയുന്നു:

﴿ وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌۖ أُجِيبُ دَعۡوَةَ ٱلدَّاعِ إِذَا دَعَانِۖ فَلۡيَسۡتَجِيبُواْ لِي وَلۡيُؤۡمِنُواْ بِي لَعَلَّهُمۡ يَرۡشُدُونَ ﴾ [البقرة: ١٨٦]

'(നബിയേ) എന്റെ അടിയാൻമാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു (എന്നു പറയുക). എന്നെ വിളി(ച്ചു പ്രാർത്ഥി)ച്ചാൽ ഞാൻ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവന്റെ വിളിക്ക് ഉത്തരം നൽകുന്നതാണ്. എന്നാൽ, അവർ എനിക്ക് (എന്റെ വിളിക്ക്) ഉത്തരം ചെയ്യുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ; അവർ നേർവഴി പ്രാപിച്ചേക്കുന്നതാണ്.' (2:186)

അസ്ബഗ് ഇബ്നു സൈദ് അൽ വറാഖ് എന്ന മുൻഗാമിയിൽ നിന്നും ഉദ്ദരിക്കപ്പെട്ടിരിക്കുന്നു, അദ്ദേഹം പറയുന്നു: ഞാനും എന്റെ വീട്ടിലുള്ള വരും ഭക്ഷണം ഇല്ലാതെ മൂന്നു ദിവസം കഴിച്ചു കൂട്ടി, അങ്ങനെ എന്റെ ഇളയ മകൾ എന്നോട് പറഞ്ഞു;

'ഉപ്പാ, വിശക്കുന്നു'. ഞാനപ്പോൾ അവളെ അവിടെ നിറുത്തി വുദു എടുക്കുന്ന സ്ഥലത്തേക്ക് പോവുകയും വുദു എടുത്ത് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തു, അനന്തരം എന്റെ രണ്ട് കരങ്ങൾ എന്റെ പ്രാർത്ഥന മര്യാദപൂർവ്വം ആക്കാൻ വേണ്ടി ഭവ്യതയോട് കൂടി ഉയർത്തിയിട്ട് ഞാൻ പറഞ്ഞു; 'അല്ലാഹുവേ നീ എന്റെ ഉപജീവനത്തിൽ നിന്ന് എന്നെ തടഞ്ഞിട്ടുണ്ടെങ്കിലും എന്റെ പ്രാർത്ഥനയെ തടയരുതേ, 'തുടർന്ന് ഞാൻ അല്ലാഹുവിനെ ധാരാളമായി പ്രകീർത്തിക്കുകയും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തശേഷം പറഞ്ഞു: 'നിന്റെ കാരുണ്യത്താൽ നിന്നിൽ നിന്നുള്ള ഉപജീവനം നീ എനിക്ക് തുറന്നു തരേണമേ, അതിലെ അനുഗ്രഹങ്ങൾ നീ എനിക്ക് എതിരാക്കല്ലേ, പരലോകത്ത് അതിന്റെ പിന്തുടർച്ച ഇല്ലാതെയാക്കരുതേ, നീയാണ് കരുണ കാണിക്കുന്നവരിൽ ഏറ്റവും കാരുണ്യവാൻ,,' പിന്നെ ഞാൻ എന്റെ വീട്ടിലേക്ക് പോയി, അപ്പോൾ എന്റെ മൂത്ത മകൾ എന്റെ അടുക്കലേക്ക് വന്നിട്ട് പറഞ്ഞു:' കുറച്ച് മുമ്പ് എന്റെ പിതൃവ്യൻ എന്ന് പറഞ്ഞു കൊണ്ട് ഒരാൾ ഈ പണക്കിഴിയുമായി ഇവിടേക്ക് വരികയുണ്ടായി, അദ്ദേഹത്തിന്റെ അടുക്കൽ ധാന്യപ്പൊടിയും പല വ്യഞ്ജനങ്ങളും ഉണ്ടായിരുന്നു, എന്നിട്ട് അയാൾ പറഞ്ഞു: 'എന്റെ സഹോദരന് നിങ്ങൾ സലാം

പറയുക, എന്ത് ആവശ്യമുണ്ടെങ്കിലും ഈ പ്രാർ ത്ഥന പ്രാർത്ഥിച്ചാൽ അവന്റെ ആവശ്യം നിറവേറ്റ പ്പെടും എന്നും അദ്ദേഹത്തോട് പറയുക' അസ്ബഗ് പറയുന്നു: 'എനിക്ക് സഹോദരങ്ങളേ ഇല്ല, ആ വന്നു പറഞ്ഞ വ്യക്തി ആരാണെന്നും എനിക്കറിയില്ല, എന്നാൽ അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ, സർവ്വ ലോക പരിപാലകനായ അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും' (കിതാബുൽ മുസ്തഗീസീൻ63)

നാം പറയുന്നു: ഈ കഥയിലെ ഗുണപാഠം, ഈ വ്യക്തി അല്ലാഹുവിലേക്ക് തിരിയുകയും രണ്ട് റക്അത്ത് നമസ്കരിച്ച് ഇരു കരങ്ങൾ ഉയർത്തി അവനോട് തേടുകയും ചെയ്തപ്പോൾ അവന്റെ പ്രശ്ന പരിഹാരം അതിവേഗതയിൽ അല്ലാഹുവിൽ നിന്നും ലഭിച്ചു എന്നതാണ്.

അത് പോലെ തന്നെ ഇബ്നു ഹസം തന്റെ പിതാവിന്റെ ഒരു കഥ റിപ്പോർട്ട് ചെയ്യുന്നുണ്ട്. സ്പെയിനിലെ രാജാവായ മൻസൂർ ഇബ്നു അബീ ആമിറിന്റെ മന്ത്രിയായിരുന്നു അദ്ദേഹം, ഹിഷാം ഇബ്നു മുഹമ്മദ് തന്റെ പിതാവിൽ നിന്നും ഉദ്ധരിക്കുന്നു; മൻസൂറിന്റെ രാജ സന്നിധിയിൽ ജയിലിലടക്കപ്പെട്ട തന്റെ മകന്റെ മോചനവുമായി ബന്ധപ്പെട്ട് അയാളുടെ മാതാവ് സമർപ്പിച്ച ഹരജിയാണ് കഥകളുടെ തുടക്കം, എന്നാൽ ജയിലിലിലടക്കപ്പെട്ട

വ്യക്തിയോട് അയാളുടെ തെറ്റിന്റെ ഗൗരവം മൂലം മൻസൂർ അങ്ങേയറ്റം കോപിഷ്ഠനായിരുന്നു, അതിനാൽ തന്നെ ആ മനുഷ്യനെ വധിക്കാൻ വേണ്ടിയുള്ള കല്പന എഴുതാൻ വേണ്ടി പേനയെടുത്ത് വിധി എഴുതി ക്രോദ്ധത്താൽ വിധി പത്രം അദ്ദേഹം മന്ത്രിയുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞു, അങ്ങനെ നിയമപാലകർക്ക് വേണ്ടിയുള്ള പൂർണമായ വിധി പ്രസ്താവം എഴുതിച്ചേർക്കുന്ന സമയത്ത് മൻസൂർ അദ്ദേഹത്തോട് ചോദിച്ചു , 'നീ എന്താണ് എഴുതുന്നത്? അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു: 'അവനെ നിരുപാധികം വിട്ടയക്കാനാണ്. കോപിഷ്ഠനായ മൻസൂർ മുഖം ചുളിച്ചു കൊണ്ട് ചോദിച്ചു 'ആരാണ് നിന്നോടത്തിനു കല്പിച്ചത്?' പക്ഷെ വിധി പ്രസ്താവനയും അതിലെ ഒപ്പും കണ്ടപ്പോൾ അതിൽ എഴുതിയിട്ടുള്ളത് അങ്ങനെ തന്നെയായിരുന്നു, വീണ്ടും ഇത് തന്നെ ആവർത്തിച്ചു. അപ്പോൾ മന്ത്രി പറഞ്ഞു: 'എനിക്ക് തോന്നുന്നത് അദ്ദേഹം അയാളെ ക്രൂശിച്ച് കളയാൻ **( يصلب )** എഴുതിയപ്പോൾ വെറുതെ വിടുക **(يطلق)** എന്നായി പോയതാണ് ' അങ്ങനെ ഇത് മൂന്ന് പ്രാവശ്യം ആവർത്തിക്കുകയും രാജാവിന് ഈ സംഭവം അത്ഭുതകരമായി തോന്നുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ, അവനെ വെറുതെ വിടുക,

അല്ലാഹു ഒരാളെ വിട്ടയക്കാൻ തീരുമാനിച്ചാൽ എനിക്കയാളെ വധിക്കാൻ സാധിക്കില്ല' .

ഈ രാജാവിനെ നോക്കൂ, അദ്ദേഹം ആ വ്യക്തിയെ ക്രൂശിക്കണം എന്ന് എഴുതാൻ ഉദ്ദേശിച്ചെങ്കിലും അല്ലാഹു അദ്ദേഹത്തിന് അത് സാധ്യമാക്കിയില്ല, മൂന്നു പ്രാവശ്യം ആവർത്തിച്ച് ശ്രമിച്ചിട്ടും

( **يصلب** = ക്രൂശിക്കുക) എന്നതിന് പകരമായി

( **يطلق** = വെറുതെ വിടുക) എന്നത് മാത്രമാണ് എഴുതാൻ സാധിച്ചത്, അങ്ങനെ അവസാന ശ്രമവും പരാജയപ്പെട്ടപ്പോൾ അയാളെ വെറുതെ വിടാൻ കല്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു; 'അല്ലാഹു വെറുതെ വിടാൻ ഉദ്ദേശിച്ച ഒരാളെ വധിക്കാൻ എനിക്ക് സാധിക്കില്ല'. അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു :

﴿أَنَّ ٱللَّهَ يَحُولُ بَيۡنَ ٱلۡمَرۡءِ وَقَلۡبِهِۦ﴾ [الأنفال: ٢٤]

'മനുഷ്യന്റെയും അവന്റെ ഹൃദയത്തിൻറെയും ഇടയിൽ അല്ലാഹു മറയിടുമെന്ന് '(8:24) ആ വ്യക്തിയുടെ ഉമ്മ അയാളെ വെറുതെ വിടാൻ വേണ്ടി അല്ലാഹുവോട് നടത്തിയ പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടുകയാണ് ചെയ്തത്.

അബുൽ അബ്ബാസ് അഹ്മദ് ഇബ്നു അബ്ദുൽ ഹലീം പറഞ്ഞു: ' അടിസ്ഥാനപരമായി ലൗകിക വിഷയങ്ങൾ സൃഷ്ടികളോട് ചോദിക്കൽ ചോദ്യ

കർത്താവിന് അനിവാര്യമോ പുണ്യകരമോ അല്ല, എന്നാൽ അവൻ കല്പിക്കപ്പെട്ടിട്ടുള്ളത് അല്ലാഹു വോട് ചോദിക്കാനും അവനിലേക്ക് ആഗ്രഹം പ്രക ടിപ്പിക്കാനും അവനിൽ ഭരമേല്പിക്കാനുമാണ്, സൃഷ്ടികളോട് ചോദിക്കുന്നതിന്റെ അടിസ്ഥാനം അത് നിഷിദ്ധമാണെന്നുള്ളതാണ്, എന്നാൽ അനി വാര്യ ഘട്ടങ്ങളിൽ അത് അനുവദിക്കപ്പെടുകയും ചെയ്യുന്നു. അത് ഉപേക്ഷിക്കലും അല്ലാഹുവിൽ ഭരമേല്പിക്കലുമാണ് ഉത്തമം.

അല്ലാഹു പറയുന്നു:

﴿فَإِذَا فَرَغْتَ فَٱنصَبْ ۝٧ وَإِلَىٰ رَبِّكَ فَٱرْغَب﴾ [الشرح: ٧-٨]

'ആകയാൽ, നിനക്കു ഒഴിവു കിട്ടിയാൽ നീ അദ്ധ്വാ നിച്ചു കൊള്ളുക. * നിന്റെ രക്ഷിതാവികലേക്ക് തന്നെ നീ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുക.' (94:7-8) അഥവാ, അല്ലാഹുവിലേക്ക് ആഗ്രഹം പ്രക ടിപ്പിക്കുക , അവനല്ലാത്തവരിലേക്കല്ല'

സർവ്വ ശക്തൻ തുണക്കട്ടെ

IslamHouse.com

@IslamHouseMl islamhouseml islamhouse.com/ml/

Malayalam.IslamHouse user/IslamHouseml

For more details visit
www.GuideToIslam.com

GUIDE TO ISLAM

contact us :Books@guidetoislam.com

Guidetolslam.org Guidetoislam1 Guidetoislam www.Guidetoislam.com

المكتب التعاوني للدعوة وتوعية الجاليات بالربوة

هاتف: ٩٦٦١١٤٤٥٤٩٠٠+ فاكس: ٩٦٦١١٤٩٧٠١٢٦+ ص ب: ٢٩٤٦٥ الرياض: ١١٤٥٧

ISLAMIC PROPAGATION OFFICE IN RABWAH

P.O.BOX 29465 RIYADH 11457 TEL: +966 11 4454900 FAX: +966 11 4970126

ഏകാരാധ്യനിലേക്കുള്ള മടക്കം
അനിവാര്യമാകുന്നതിന്റെ

# തെളിവുകൾ

ഒരു മനുഷ്യന് ഏറ്റവും അനിവാര്യമായ കാര്യമാണ് തന്നെ സൃഷ്ടിച്ചവനായ രക്ഷിതാവിലേക്ക് തന്റെ എല്ലാ കാര്യങ്ങളും മടക്കുക എന്നത്. സൃഷ്ടിയുടെ എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കാവുന്ന കലവറയില്ലാത്ത ഔദാര്യത്തിന്റെയും സഹായത്തിന്റെയും ഉടമസ്ഥനായ നാഥനിലേക്ക് തിരിയുമ്പോഴാണ് ഒരു മനുഷ്യൻ തന്റെ മനസ്സിന് ശാന്തിയും സമാധാനവും ലഭ്യമാക്കുന്നതും പ്രയാസങ്ങൾ ദൂരീകരിക്കുന്നതും ഇഹലോകത്തിലും പരലോകത്തിലും വിജയിക്കുന്നതും. ഇഹപര വിജയത്തിന് ഹേതുവായ ഏകരാധ്യനിലേക്ക് മടങ്ങുന്നതിന്റെ അനിവാര്യത വളരെ കൃത്യമായ തെളിവുകളോടുകൂടി ഈ ചെറുകൃതിയിലൂടെ വ്യക്തമാക്കുന്നു.




IslamHouse.com

Osoul Center
www.osoulcenter.com